ജലവിഭവവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : ഇത്തവണ മഴ വളരെ കാര്യമായി കിട്ടിയില്ലായെങ്കിലും കടലാക്രണം വളരെ രൂക്ഷമായിട്ടുണ്ട്. കൂടുതൽ കടലാക്രമണത്തിന് വിധേയമായ പ്രദേശം ആലപ്പുഴ ജില്ലയാണ്. വളരെ രൂക്ഷമായിരുന്നു. മഴ ആരംഭിക്കുന്നതിനു മുമ്പുതന്നെ കടലാക്രമണം ആരംഭിച്ചു. എന്താണ് കാരണമെന്ന് അറിഞ്ഞുകൂടാ. കൊല്ലം, ആലപ്പുഴ, കോഴിക്കോട്, തിരുവനന്തപുരം എന്നീ നാലു ജില്ലകളിലെ കോസ്റ്റൽ ബൽറ്റിലാണ് കൂടുതൽ പ്രശ്നമുണ്ടായിരിക്കുന്നത്. അതിന്റെ ലിസ്റ്റ് ഞങ്ങൾ എടുത്തിട്ടുണ്ട്. ഇപ്പോൾ കടലാക്രമണം ഉണ്ടായ പ്രദേശങ്ങളിൽ ഗവൺമെന്റ് ശ്രദ്ധിക്കാതിരുന്നില്ല. ഗവൺമെന്റ് ശ്രദ്ധിക്കുകയും താൽക്കാലികമായ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കടൽഭിത്തി നിർമ്മാണം മഴക്കാലത്ത് സാദ്ധ്യമല്ല. അതിന് ഒരു സമയം നിശ്ചയിച്ചിട്ടുണ്ട്. അത് ആ സമയത്തു മാത്രമേ ചെയ്യാൻ സാധിക്കൂ. 11-ാം ധനകാര്യകമ്മീഷന്റെ 50 കോടി രൂപ സംസ്ഥാന ഗവൺമെന്റിന് കടൽ ഭിത്തി നിർമ്മാണത്തിന് കിട്ടി. ആ പണം ഫലപ്രദമായി ഞങ്ങൾ ഉപയോഗിക്കുന്നുണ്ട്. 15.94 കി. മീ. കടൽഭിത്തി നിർമ്മാണവും 20.14 കി.മീ. പുനരുദ്ധാരണ പ്രവൃത്തിയും ഏറ്റെടുത്ത് നടപ്പിലാക്കാനുള്ള അനുമതി കിട്ടിയിട്ടുണ്ട്. Natioanal Coast Project-ൽ ഉൾപ്പെടുത്തി 216.96 കോടിരൂപ നമുക്ക് തരണമെന്ന് കേന്ദ്ര ഗവൺമെന്റിനു മുമ്പിൽ ഒരു റിക്വസ്റ്റ് കൊടുത്തിട്ടുണ്ട്. നേരത്തെ കേന്ദ്ര ഗവൺമെന്റ് കേരളത്തിന് ഇക്കാര്യത്തിൽ കാര്യമായ സഹായം ഗ്രാന്റായിട്ടുതന്നെ നൽകിക്കൊണ്ടിരുന്നതാണ്. ഇപ്പോൾ പണം തരുന്നില്ല. കോസ്റ്റൽ പ്രോജക്ടിനുവേണ്ടി പ്രത്യേകം പണം തരുന്നില്ല. പക്ഷെ, ഇപ്പോഴത്തെ കേന്ദ്ര വാട്ടർ റിസോഴ്സസ് മിനിസ്റ്റർ ഒറീസ്സയിൽ നിന്നുള്ള ആളാണ്. അവിടെയും പ്രശ്നങ്ങൾ രൂക്ഷമായതുകൊണ്ട് ഇതൊരു സ്കീമായിട്ടുതന്നെ മുന്നോട്ടു നീങ്ങുന്നുണ്ട്. നമുക്ക് പ്രതീക്ഷയുണ്ട്. താൽക്കാലിക ക്രമീകരണങ്ങൾ കളക്ടറുമായിട്ട് ഞങ്ങളുടെ എൻജിനിയർമാർ അവിടത്തെ ജനപ്രതിനിധികളേയും കൂട്ടി താൽക്കാലികമായ ധാരാളം പ്രോഗ്രാമുകൾ ഈ പ്രദേശങ്ങളിൽ ചെയ്യുന്നുണ്ട്. ഗവൺമെന്റ് ഇക്കാര്യത്തിൽ ശ്രദ്ധിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യുകയാണ്.

(2) മലബാർ സിമന്റ്സ് ഫാക്ടറിയിൽ സി.എൽ.പി. തൊഴിലാളികളെ സ്ഥിരപ്പെടുത്താൻ നടപടി

ശ്രീ. കെ. അച്ചുതൻ: വാളയാറിലുള്ള മലബാർ സിമന്റ്സിൽ 18 വർഷമായി കാഷ്വൽ അടിസ്ഥാനത്തിൽ സ്ഥിര സ്വഭാവമുള്ള മേഖലകളിൽ ജോലി ചെയ്യുന്നവരാണ് അവിടത്തെ സി.എൽ.പി. ജീവനക്കാർ. ഈ വിഭാഗത്തിൽപ്പെട്ട മുഴുവൻ ജീവനക്കാർക്കും പി.എഫ്., ഇ.എസ്.ഐ., എൽ.ടി.എ., ബോണസ് എന്നിവ ഇപ്പോൾത്തന്നെ കിട്ടിക്കൊണ്ടിരിക്കുന്നുണ്ട്. അവരെ അവിടെ സ്ഥിരമാക്കണമെന്ന് ആവശ്യപ്പെട്ട് സുബ്രഹ്മണ്യം എന്നു പറയുന്ന ആദിവാസി 6 ദിവസമായി നിരാഹാരം കിടക്കുകയാണ്. ട്രൈബ്യൂണലിൽ നിന്ന് ഇവരെ സ്ഥിരപ്പെടുത്തണമെന്ന് വിധിയുണ്ടായിട്ട് ഒൻപത് മാസമായി കമ്പനി ഹൈക്കോടതിയിൽ അപ്പീൽ നല്കിയിരിക്കുകയാണ്. അപ്പീലിന് സ്റ്റേ കിട്ടിയിട്ടില്ല. അതുകൊണ്ട് 18 വർഷമായി ജോലി ചെയ്യുന്ന എല്ലാ ആനുകൂല്യങ്ങളും ഉള്ള ഗവൺമെന്റിന് യാതൊരു ബാദ്ധ്യതയുമില്ലാത്ത ഇവരെ സ്ഥിരമാക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): കാഷ്വൽ തൊഴിലാളികളെ വരുന്ന വേക്കൻസിയിൽ അതേപടി സ്ഥിരമാക്കുക എന്നുള്ളത് ഗവൺമെന്റിന് ഒരു പോളിസി എന്ന നിലയിൽ ചെയ്യാനൊക്കുകയില്ല. വേക്കൻസി വരുമ്പോൾ മെറിറ്റ് അടിസ്ഥാനത്തിൽ എടുക്കും.. പക്ഷെ, ജോലി ചെയ്യുന്ന ആളുകൾക്ക് മുൻഗണന കൊടുക്കാൻ നോക്കാം.

(3) പ്രാഥമിക സഹകരണ ബാങ്കുകൾ നേരിടുന്ന പ്രതിസന്ധി

ശ്രീ. എം. വി. ജയരാജൻ : സർ, സഹകരണ നിയമ ഒബ്ജക്ടീവ്സിനും ഏരിയാ ഓഫ് ഓപ്പറേഷനും വിരുദ്ധമായിട്ട് വ്യാപകമായി സഹകരണ സംഘങ്ങൾക്ക് അനുമതി നൽകുന്നതുമൂലം സഹകരണമേഖല ഇപ്പോൾ ഗുരുതരമായ പ്രതിസന്ധിയിലാണ്. നൂറോളം അർബൺ ബാങ്കുകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രൂപീകരിക്കുകയുണ്ടായി. കഴിഞ്ഞ ഒരു വർഷത്തെ അനുഭവം പരിശോധിച്ചാൽ രൂപീകരിച്ച അർബൺ ബാങ്കും ആ പ്രവർത്തന പരിധിയിൽ പ്രവർത്തിക്കുന്ന മറ്റു ബാങ്കുകളുമെല്ലാം നഷ്ടത്തിലാണ്. മാത്രമല്ല സർക്കാർ പ്രഖ്യാപിച്ച ഒൺടൈം സെറ്റിൽമെന്റും കടാശ്വാസ പദ്ധതിയും. 2001 നവംബർ 1-ന് ഒൺടൈം സെറ്റിൽമെന്റ് സഹകരണ വകുപ്പ് ഉത്തരവിറക്കി പ്രഖ്യാപിച്ചത് നടപ്പാക്കിയതുമൂലം 45 കോടി 45 ലക്ഷംരൂപ പലിശയിനത്തിൽ മാത്രം ഈ സംഘങ്ങൾക്ക് ബാദ്ധ്യതയുണ്ട്. സർക്കാർ പ്രഖ്യാപിച്ച ഒരു പദ്ധതിയായതുകൊണ്ട് ഈ സഹകരണ സംഘങ്ങൾക്ക്, പ്രാഥമിക ബാങ്കുകൾക്ക് സർക്കാരും സംസ്ഥാന സഹകരണ ബാങ്കും ആവശ്യമായ ആശ്വാസം നൽകണം. 1989-ൽ ശ്രീ. വി.പി. സിംഗ് കടാശ്വാസ പദ്ധതി പ്രഖ്യാപിച്ചപ്പോൾ ഗവൺമെന്റുതന്നെ അതിന് ആവശ്യമായ സാമ്പത്തിക സഹായം നൽകിയിരുന്നു. റിസർവ് ബാങ്ക് ഇപ്പോൾ കടാശ്വാസ പദ്ധതി കേരളത്തിലെ ബാങ്കുകൾക്ക് പ്രഖ്യാപിച്ചിട്ടുണ്ട്. ഇപ്പോൾ 836 സഹകരണ ബാങ്കുകൾക്ക് 186 കോടിരൂപ നഷ്ടത്തിലാകും. ഇതുകൂടിയായാൽ അവർക്ക് താങ്ങാനാവില്ല. ഒൺടൈം സെറ്റിൽമെന്റ് നടപ്പാക്കുന്ന സംഘങ്ങൾക്ക് ആവശ്യമായ സാമ്പത്തിക സഹായം ഒരു പാക്കേജായി ഗവൺമെന്റ് പ്രഖ്യാപിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ) : സർ, ഒൺടൈം സെറ്റിൽമെൻറ് ജൂലായ് മാസം മുതൽ പ്രഖ്യാപിച്ചിരിക്കുകയാണ്. ഡിസംബർ മാസംവരെ അത് നീട്ടികൊടുത്തിട്ടുണ്ട്. ഒൺടൈം സെറ്റിൽമെന്റുകൊണ്ട് ഒരു കുഴപ്പവും സൊസൈറ്റികൾക്ക് വരില്ല. കാരണം, സെക്യൂരിറ്റിയും റിസർവും വയ്ക്കേണ്ട ഫണ്ട് കൂടുതൽ തുക ഒൺടൈം സെറ്റിൽമെന്റിലൂടെ പിരിഞ്ഞു കിട്ടിയാൽ. അതു ഉപയോഗിക്കാം. അതിന്റെ പലിശകൊണ്ടുതന്നെ ഇത് മീറ്റുചെയ്യാൻ കഴിയും. കോടിക്കണക്കിന് രൂപയുടെ ഓവർഡ്യൂ വന്നതുകൊണ്ടാണ് സംഘം നഷ്ടത്തിലായത്. ധൂർത്തും അഴിമതിയുമൊക്കെകൊണ്ടാണ് നഷ്ടമായത്. പിന്നെ ആരെങ്കിലും മൊണോപ്പൊളി ഈ സഹകരണപ്രസ്ഥാനത്തിൽ വച്ചുപുലർത്താൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അത് നടക്കുകയില്ല. ക്രെഡിറ്റ് സംഘങ്ങൾ വെറുതേ രജിസ്റ്റർ ചെയ്തതല്ല. അൺ ലിമിറ്റഡ് അർബൺ ബാങ്കുകൾ

LIBRARY ARCHIVES Kerala Legislative Assembly